14
2025
ജനുവരി
ചൊവ്വ
മകരം 1

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.50 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-50 | പേജ് 4. വില 2.00 രൂപ




02 പത്തനംതിട്ട പീഡനക്കേസ്; എഫ്ഐആറുകളുടെ എണ്ണം 29 ആയി
03 മഹാകുംഭമേളയ്ക്ക് ഇന്നു തുടക്കം; 35 കോടി തീർഥാടകരെത്തുമെന്ന് പ്രതീക്ഷ
04 ചൊവ്വാഴ്ച പുല്ലുമേട് നിന്നും സന്നിധാനത്തേക്ക് തീർത്ഥാടകരെ കടത്തിവിടില്ല

# പി.വി അൻവർ എം.എൽ.എ സ്ഥാനം രാജിവെച്ചു



പി.വി. അൻവർ സ്പീക്കർ എ.എൻ. ഷംസീറിന് രാജിക്കത്ത് നൽകുന്നു

തിരുവനന്തപുരം: നിലമ്പൂർ എം.എൽ.എ പി.വി അൻവർ എം.എൽ.എ സ്ഥാനം രാജിവെച്ചു. തിങ്കളാഴ്ച രാവിലെ സ്പീക്കർ എ.എൻ ഷംസീറിനെ കണ്ടാണ് രാജിക്കത്ത് കൈമാറിയത്. ഇടതുപക്ഷവുമായി തെറ്റിപ്പിരിഞ്ഞ ശേഷം തൃണമൂൽ കോൺഗ്രസിൽ ഔദ്യോഗികമായി അംഗത്വമെടുത്തതിന് പിന്നാലെയാണ് അൻവർ എം.എൽ.എ സ്ഥാനം രാജി വെച്ചത്. മുപ്പത് വർഷത്തോളം കോൺഗ്രസിലെ ആര്യാടൻ മുഹമ്മദ് കൈവശം വെച്ചിരുന്ന നിലമ്പൂർ മണ്ഡലത്തിൽ രണ്ട് തവണ അട്ടിമറി വിജയം നേടി ചരിത്രംകുറിച്ച അൻവർ ഇതോടെ ഇടതുപക്ഷവുമായുള്ള ബന്ധം ഔദ്യോഗികമായി വേർപെടുത്തി.

പോലീസിനെതിരേ ആരോപണം ഉന്നയിച്ച് സി.പി.എമ്മിനെതിരേയും മുഖ്യമന്ത്രി പിണറായി വിജയനെതിരേയും യുദ്ധപ്രഖ്യാപനം തുടങ്ങിയ അൻവർ 14 വർഷത്തിന് ശേഷമാണ് ഇടതുപക്ഷവുമായുള്ള ബന്ധം വേർപെടുത്തുന്നത്. 2011-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഏറനാട് മണ്ഡലത്തിലെ ഔദ്യോഗിക ഇടതുസ്ഥാനാർഥിയെ നാലാം സ്ഥാനത്തേക്ക് തള്ളിയായിരുന്നു പി.വി അൻവർ തന്റെ രാഷ്ട്രീയ എൻട്രി ശ്രദ്ധേയമാക്കിയത്. അന്ന് അൻവറിന്റെ ശക്തി തിരിച്ചറിഞ്ഞ ഇടതുപക്ഷം 2016-ൽ നിലമ്പൂർ പിടിച്ചടക്കാൻ അൻവറിനെ ചുമതലയേൽപിക്കുകയായിരുന്നു. അത് ചരിത്രമാവുകയും ചെയ്തു.

## സ്പീക്കർക്ക് രാജിക്കത്ത് കൈമാറി

2016ൽ നിലമ്പൂർ പിടിച്ചെടുത്ത പി.വി അൻവർ 2021-ലും ഇത് ആവർത്തിച്ചതോടെ മണ്ഡലം അൻവറിന്റെ കുത്തകയായി മാറി. 2016-നെ അപേക്ഷിച്ച് 2021-ൽ വലിയ വോട്ടുചോർച്ച മണ്ഡലത്തിൽ അൻവറിനുണ്ടായെങ്കിലും വിജയം തുടരാനായത് ഇടതുപക്ഷത്തിന് ഏറെ ആശ്വാസമായിരുന്നു.

എ.ഐ.സി.സി. അംഗവും എടവണ്ണ പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന പി.വി. ഷൗക്കത്തലിയുടെ മകനായ അൻവർ കോൺഗ്രസ് വിദ്യാർഥി രാഷ്ട്രീയത്തിലൂടെയാണ് പൊതുപ്രവർത്തന രംഗത്തെത്തിയത്.

കെ.എസ്.യു.-എസ്. സംസ്ഥാന സെക്രട്ടറി, യൂത്ത് കോൺഗ്രസ് മലപ്പുറം ജില്ലാ വൈസ് പ്രസിഡന്റ്, ഡെമോക്രാറ്റിക് ഇന്ദിര കോൺഗ്രസ് ജില്ലാ വൈസ് പ്ര സിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. 2014-ൽ വയനാട് മണ്ഡലത്തിൽ നിന്ന് സ്വതന്ത്രനായും 2019-ൽ ഇടതുസ്വതന്ത്രനായി പൊന്നാനിയിൽനിന്നും ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിച്ചെങ്കിലും പരാജയപ്പെട്ടു.

## യു.ഡി.എഫ്. തീരുമാനമെടുക്കും – കുഞ്ഞാലിക്കുട്ടി

കോഴിക്കോട്: അൻവറിന്റെ തീരുമാനം അറിഞ്ഞിരുന്നില്ലെന്നും സർപ്രൈസ് ആയെന്നും മുസ്ലീം ലീഗ് നേതാവ് പി.കെ കുഞ്ഞാലിക്കുട്ടി എം.എൽ.എ. ഉപതിരഞ്ഞെടുപ്പ് ആസന്നമായെന്നും ഇനി തീരുമാനം യു.ഡി.എഫ് കൈക്കൊള്ളുമെന്നും കുഞ്ഞാലിക്കുട്ടി മാധ്യമങ്ങളോട് പ്രതികരിച്ചു.

അൻവറിന്റെ രാഷ്ട്രീയ നീക്കത്തിന് ലീഗിന്റെ നിർദേശമൊന്നുമുണ്ടായിരുന്നില്ല. ഇന്നലെയാണ് അൻവറിന്റെ വാർത്താസമ്മേളനത്തിന്റെ കാര്യം പോലും ചാനലിലൂടെ അറിഞ്ഞത്. ഇനി യുഡിഎഫ് എന്ത് തീരുമാനമെടുക്കുന്നോ ആ തീരുമാനത്തിനൊപ്പം ലീഗ് നിക്കും.

അൻവർ ലീഗിനെ പുകഴ്ത്തിയല്ലോ, സന്തോഷമുണ്ടോ എന്ന മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് നിങ്ങളെ ആരെങ്കിലും പുകഴ്ത്തിയാൽ സന്തോഷമുണ്ടാവില്ലെയെന്നും ആര് നല്ലത് പറഞ്ഞാലും സന്തോഷമുണ്ടെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

തിങ്കളാഴ്ച രാവിലെയാണ് അൻവർ എം.എൽ.എ സ്ഥാനം രാജിവെക്കുന്നതായുള്ള കത്ത് സ്പീക്കർ എ.എൻ ഷംസീറിന് കൈമാറിയത്. ഇതിന് പിന്നാലെ അൻവറിനെ തൃണമൂൽ കോൺഗ്രസ് സംസ്ഥാന കൺവീനറായി തിരഞ്ഞെടുത്തതായി തൃണമൂൽ അറിയിക്കുകയും ചെയ്തു.

## രാഹുൽ ഈശ്വറിന് തിരിച്ചടി; അറസ്റ്റ് തടയാതെ ഹൈക്കോടതി, റിപ്പോർട്ട് തേടി

കൊച്ചി: ഹണി റോസിനെ അധിക്ഷേപിച്ചുവെന്ന പരാതിയിൽ മുൻകൂർ ജാമ്യം തേടിയ രാഹുൽ ഈശ്വറിന് ഹൈക്കോടതിയിൽ തിരിച്ചടി. രാഹുൽ ഈശ്വറിന്റെ അറസ്റ്റ് ഹൈക്കോടതി തടഞ്ഞില്ല. സാമൂഹിക മാധ്യമങ്ങളിലൂടെയും ചാനൽ ചർച്ചകളിലൂടെയും തന്നെ അധിക്ഷേപിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടിയാണ് ഹണി റോസ് രാഹുൽ ഈശ്വറിനെതിരെ പരാതി നൽകിയത്. കൂടാതെ തൃശൂർ സ്വദേശി സലിമും രാഹുലിനെതിരെ പരാതി നൽകിയിരുന്നു.

അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യം ഉപയോഗിക്കുക മാത്രമാണ് താൻ ചെയ്തത് എന്നായിരുന്നു രാഹുൽ ഈശ്വറിന്റെ പ്രധാന വാദം. ഹണി റോസ് വിമർശനത്തിന് അതീതയല്ലെന്നും അതിനാലാണ് താൻ വിമർശിച്ചതെന്നും തിങ്കളാഴ്ച മുൻകൂർ ജാമ്യ ഹർജി പരിഗണിക്കവെ രാഹുൽ ഹൈക്കോടതിയിൽ വാദമുയർത്തി.

എന്നാൽ രാഹുൽ ഈശ്വറിന് മുൻകൂർ ജാമ്യം നൽകാൻ ഹൈക്കോടതി തയ്യാറായില്ല. കേസ് ഈ മാസം 27-ലേക്ക് മാറ്റി. മുൻകൂർ ജാമ്യം നൽകുന്നത് സംബന്ധിച്ച് ഹൈക്കോടതി പോലീസിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

അതേസമയം ഹണി റോസിന്റെ പരാതിയിൽ രാഹുൽ ഈശ്വറിനെതിരെ പോലീസ് ഇതുവരെ കേസെടുത്തിട്ടില്ല. എറണാകുളം സെൻട്രൽ പോലീസിലാണ് ഹണി റോസ് രാഹുലിനെതിരെ പരാതി നൽകിയത്. പരാതി വിശദമായി പഠിച്ചുകൊണ്ടിരിക്കുകയാണെന്നാണ് പോലീസ് പറയുന്നത്.

## പത്തനംതിട്ടയിലേത് സൂര്യനെല്ലിയെക്കാൾ വലിയ കുറ്റകൃത്യം: പ്രതികൾ 58, മുഴുവൻ പേരെയും തിരിച്ചറിഞ്ഞു

പത്തനംതിട്ട: കായികതാരമായ ദളിത് പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ ആകെ 58 പ്രതികളെന്ന് പത്തനംതിട്ട ജില്ലാ പോലീസ് മേധാവി വി.ജി. വിനോദ് കുമാർ. കേസിലെ മുഴുവൻ പ്രതികളേയും തിരിച്ചറിഞ്ഞു. 42 പേർ പ്രതികളാക്കപ്പെട്ട സൂര്യനെല്ലി പീഡനക്കേസിനെക്കാൾ വലിയ കുറ്റകൃത്യമാണ് പത്തനംതിട്ടയിൽ നടന്നത്. പത്തനംതിട്ട, ഇലവുംതിട്ട, മലയാലപ്പുഴ, പന്തളം എന്നീ പോലീസ് സ്റ്റേഷനുകളിലായി 29 കേസുകളാണ് ഇതുവരെ രജിസ്റ്റർ ചെയ്തത്.

കേസിൽ ഇതുവരെ 43 പ്രതികളാണ് ആകെ അറസ്റ്റിലായത്. പ്രതികളിലൊരാൾ വിദേശത്താണ്. ഇയാളെ നാട്ടിലെത്തിക്കുമെന്നും എസ്.പി. പറഞ്ഞു. കസ്റ്റഡിയിലുള്ളവരുടെ അറസ്റ്റ് ഇന്നു തന്നെ രേഖപ്പെടുത്തും.

പെൺകുട്ടി അഞ്ചുതവണ കൂട്ടബലാത്സംഗത്തിന് ഇരയായതായും പോലീസ് കണ്ടെത്തി. ശനിയാഴ്ച പിടിയിലായ റാന്നി മന്ദിരംപടി സ്വദേശി പി. ദീപുവിന്റെ ഇടപെടലാണ് ഒരുവർഷം മുമ്പുണ്ടായ രണ്ട് കൂട്ടബലാത്സംഗങ്ങൾക്ക് വഴിവെച്ചത്. ഇൻസ്റ്റഗ്രാം വഴി പരിചയപ്പെട്ട ഇയാളെ പത്തനംതിട്ട സ്വകാര്യ ബസ് സ്റ്റാന്റിൽ വെച്ച് നേരിട്ട് കണ്ടു. തുടർന്ന് രണ്ട് സുഹൃത്തുക്കൾക്കൊപ്പം കാറിൽ കൊണ്ടുപോയി.

മന്ദിരംപടിയിലെ റബ്ബർ തോട്ടത്തിന് സമീപം നിർത്തിയിട്ട കാറിൽ വെച്ചാണ് ഇവർ പെൺകുട്ടിയെ കൂട്ടബലാത്സംഗത്തിന് ഇരയാക്കിയത്. ഇതിന് ശേഷം പെൺകുട്ടിയെ ഓട്ടോറിക്ഷയിലെത്തിയ രണ്ടുപേർക്ക് കൈമാറി.

പത്തനംതിട്ട ജനറൽ ആശുപത്രിയിലും പെൺകുട്ടി കൂട്ടബലാത്സംഗത്തിന് ഇരയായി. ഇതിൽ നാലുപേരാണ് പ്രതികൾ. മറ്റൊരു ദിവസം പ്രക്കാനം തോട്ടുപുറത്തേക്കാണ് പെൺകുട്ടിയെ യുവാക്കൾ കൊണ്ടുപോയത്. അടച്ചിട്ട കടയ്ക്ക് സമീപം വാഹനം നിർത്തിയിട്ടാണ് കുട്ടിയെ ഇവർ പീഡിപ്പിച്ചത്. പിന്നീട് കുട്ടിയെ ഇവർ വീടിന് സമീപം ഇറക്കിവിട്ടുവെന്നും പോലീസ് പറയുന്നു. സംഭവത്തിൽ വിശദമായ അന്വേഷണത്തിന് ഡി.ഐ.ജി. അജിതാ ബീഗത്തിന്റെ നേതൃത്വത്തിൽ 25 അംഗ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. പത്തനംതിട്ട എസ്.പി. വി.ജി. വിനോദ്കുമാർ, ഡിവൈ.എസ്.പി. എസ്. നന്ദകുമാർ, വിവിധ സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ.മാരായ ഡി. ഷിബുകുമാർ, ടി.കെ. വിനോദ് കൃഷ്ണൻ, ജിബു ജോൺ, വനിതാ എസ്.ഐ. കെ.ആർ.ഷെമിമോൾ എന്നിവർ ഉൾപ്പെട്ടതാണ് പ്രത്യേക അന്വേഷണസംഘം.




നടൻ പ്രകാശ് രാജ് കേരള നിയമസഭാ രാജ്യാന്തര പുസ്തകോത്സവത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു



# പി.വി അൻവർ സ്വന്തം തീരുമാനത്തിന്റെ ഭാഗമായാണ് രാജിവച്ചത്: പ്രതിപക്ഷ നേതാവ്

പി.വി അൻവർ സ്വന്തം തീരുമാനത്തിന്റെ ഭാഗമായാണ് രാജിവച്ചത്. യു.ഡി.എഫിന് നിരുപാധിക പിന്തുണ നൽകുമെന്നു പറഞ്ഞത് നല്ല കാര്യം. എനിക്കെതിരെ ആരോപണം ഉന്നയിച്ചതിന് അദ്ദേഹം പൊതുമാപ്പ് പറഞ്ഞതിനെ സ്വീകരിക്കുന്നു. മുഖ്യമന്ത്രിയുടെ അനുവാദത്തോടെയാണ് തെറ്റായ ആരോപണം ഉന്നയിച്ചതെന്ന് അന്ന് നിയമസഭയിൽ നൽകിയ മറുപടിയിൽ ഞാൻ പറഞ്ഞിരുന്നു. അന്ന് എന്റെ മുന്നണിയിൽപ്പെട്ട എം.എൽ.എയാണ് ഇതുപോലൊരു ആരോപണം ഭരണകക്ഷിയിലെ ആർക്കെങ്കിലും എതിരെ എഴുതിക്കൊണ്ടു വരുന്നിരുന്നെതെങ്കിൽ അത് കീറി കൊട്ടയിൽ ഇടുമായിരുന്നെന്ന് മുഖ്യമന്ത്രിയോട് പറഞ്ഞതാണ്. എന്നാൽ ഈ ആരോപണം ഉന്നയിക്കാൻ മുഖ്യമന്ത്രി ഒരു എം.എൽ.എയെ ചുമതലപ്പെടുത്തുകയായിരുന്നു. മുഖ്യമന്ത്രി അറിയാതെ ഒരു എം.എൽ.എയ്ക്ക് ആരോപണം ഉന്നയിക്കാൻ സാധിക്കില്ല. അതുകൊണ്ടാണ് നിങ്ങളെ ഓർത്ത് ഞാൻ ചിരിക്കണോ, അതോ നിങ്ങളുടെ ഗതികേട് ഓർത്ത് കരയണോ എന്നാണ് ഞാൻ മുഖ്യമന്ത്രിയോട് ചോദിച്ചത്. അൻവറിന്റെ വെളിപ്പെടുത്തലോടെ മുഖ്യമന്ത്രിയുടെയും അദ്ദേഹത്തിന്റെ ഓഫീസിലെ ഉപജാപകസംഘത്തിന്റെയും ഗൂഡാലോചനയാണ് പുറത്തുവന്നത്. അന്ന് മുഖ്യമന്ത്രിക്കെതിരെ ആരോപണം ഉയർന്നപ്പോൾ അതിനെ പ്രതിരോധിക്കാനാണ് പ്രതിപക്ഷ നേതാവിനെതിരെ കെട്ടിച്ചമച്ച ആരോപണം ഉണ്ടാക്കിയത്. ആരോപണം അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തിയ വിജിലൻസ് അത് തള്ളിക്കളയുകയും ചെയ്തു.

തന്നെക്കൊണ്ട് ഇതെല്ലാം ചെയ്യിച്ചത് സി.പി.എമ്മിലെ ഉന്നത നേതാക്കളായിരുന്നെന്നും അൻവർ വെളിപ്പെടുത്തിയിട്ടുണ്ട്. ഇതും ആദ്യം പറഞ്ഞത് പ്രതിപക്ഷമാണ്. മന്ത്രിമാർ ഉൾപ്പെടെയുള്ള സി.പി.എമ്മിലെ ഉന്നത നേതാക്കൾ അൻവറിന് പിന്നിലുണ്ടെന്നും പാർട്ടിയിൽ പിണറായി വിജയനെ എതിർക്കാൻ ശക്തിയില്ലാത്ത ആളുകൾ അൻവറിനെ കരുവാക്കി പിണറായിക്കും അദ്ദേഹത്തിന്റെ ഓഫീസിലെ ഉപജാപകസംഘത്തിനും എതിരെ ആരോപണം ഉന്നയിക്കുകയാണെന്നും ഞാൻ പറവൂരിൽ നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞിട്ടുണ്ട്. അൻവറിന്റെ ഇന്നത്തെ രണ്ടു വെളിപ്പെടുത്തലുകളും പ്രതിപക്ഷം നേരത്തെ പറഞ്ഞതാണ്. സി.പി.എമ്മിൽ ഒളിഞ്ഞിരിക്കുന്ന വിഭാഗീയതയുടെ ബഹിർസ്ഫുരണമാണ് അൻവറിലൂടെ ആദ്യം കണ്ടത്. എന്നാൽ മുഖ്യമന്ത്രി കടുപ്പിച്ചപ്പോൾ മന്ത്രിമാർ ഉൾപ്പെടെയുള്ള സി.പി.എം നേതാക്കൾ അൻവറിനെ വഴിയിലാക്കി ഓടി ഷെഡ്ഡിൽ കയറി. പ്രതിപക്ഷം പറഞ്ഞത് അടിവരയിടുന്നതായിരുന്നു അൻവറിന്റെ ഇന്നത്തെ പത്രസമ്മേളനം.

പ്രതിപക്ഷ നേതാവിനെതിരെ ആരോപണം ഉന്നയിക്കാൻ മുഖ്യമന്ത്രി അറിയാതെ പൊളിറ്റിക്കൽ സെക്രട്ടറി ഒരു എം.എൽ.എയ്ക്ക് നിർദ്ദേശം നൽകില്ല. മുഖ്യമന്ത്രിക്കും മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉപജാപക സംഘത്തിനും അതിൽ പങ്കുണ്ട്. മുഖ്യമന്ത്രിക്കെതിരെ ആരോപണം ഉയർന്നപ്പോൾ ഒരെണ്ണം പ്രതിപക്ഷ നേതാവിനും എതിരെ കിടന്നോട്ടെയെന്നാണ് സി.പി.എം കരുതിയത്.

കെ റെയിൽ വന്നാൽ 2050 ആകുമ്പോഴേക്കും കേരളത്തിൽ ഐ.ടി കമ്പനികൾ കൊണ്ട് നിറയുമെന്നും ബാംഗ്ലൂരിലെയും ഹൈദരാബാദിലെയും ഐ.ടി കമ്പനികൾ പൂട്ടിപ്പോകുമെന്നും അങ്ങനെ സംഭവിക്കാതിരിക്കാൻ കെ റെയിൽ അട്ടിമറിക്കുന്നതിനു വേണ്ടി വെറും എം.എൽ.എ ആയിരുന്ന എന്നെ സ്വാധീനിച്ചു എന്നതായിരുന്നു ആരോപണം. മുഖ്യമന്ത്രി ആക്കാമെന്ന ഉറപ്പിൽ 150 കോടി രൂപ കേരളത്തിലേക്ക് അയച്ചെന്നും അത് ഞാൻ ആർക്കും നൽകാതെ ബാംഗ്ലൂരിലേക്ക് കൊടുത്തുവിട്ടെന്നും ആരോപിച്ചു. എന്നാൽ ഇങ്ങോട്ട് കൊണ്ടു വന്ന വഴി പറഞ്ഞവർ അങ്ങോട്ട് പണം അയച്ചത് എങ്ങനെയെന്നു പറയാത്തത് എന്തുകൊണ്ടാണെന്ന് അന്നു ഞാൻ ചോദിച്ചതാണ്. കേരളത്തിന്റെ മുഖ്യമന്ത്രിയാണ് ഇതുപോലൊരു ആരോപണം പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിക്കാൻ അനുമതി കൊടുത്തത്. എന്തൊരു നാണക്കേടാണിത്. അതുകൊണ്ടാണ് നിങ്ങളെ ഓർത്ത് ചിരിക്കണോ കരയണോ എന്ന് നിയമസഭയിൽ ചോദിച്ചത്. ആരോപണം നിയമസഭാ രേഖയിൽ നിന്നും നീക്കം ചെയ്യരുതെന്നാണ് ഞാൻ അന്ന് ആവശ്യപ്പെട്ടത്. അത് രേഖയായി അവിടെ തന്നെ കിടക്കട്ടെ.

അൻവറിന്റെ കാര്യത്തിൽ പ്രതിപക്ഷ നേതാവിന് ഒറ്റയ്ക്ക് ഒരു നിലപാടുമില്ല. പാർട്ടിയും മുന്നണിയും ചർച്ച ചെയ്യേണ്ട സമയത്ത് ചർച്ച ചെയ്ത് ഉചിതമായ തീരുമാനം എടുക്കും. വാതിൽ അടച്ചിട്ടുമില്ല, വാതിൽ തുറന്നിട്ടുമില്ല. നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പ് നടന്നാൽ സ്ഥാനാർത്ഥി ആരെന്ന് കോൺഗ്രസ് തീരുമാനിക്കും. തിരഞ്ഞെടുപ്പ് കമ്മിറ്റി ചേർന്ന് സ്ഥാനാർത്ഥിയെ നിർദ്ദേശിച്ച് ദേശീയ നേതൃത്വത്തിന് നൽകി അവർ അത് അംഗീകരിച്ച് യു.ഡി.എഫ് കക്ഷികളെ അറിയിക്കുകയെന്നതാണ് രീതി. തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർത്ഥി ആര്യാടൻ സാർ വിജയിച്ചതു പോലെ വൻ ഭൂരിപക്ഷത്തിന് ജയിക്കും.

ഹീനമായതും അടിസ്ഥാനരഹിതവുമായ ആരോപണം ഉന്നയിക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസ് ചുമതലപ്പെടുത്തിയെന്നതും മുഖ്യമന്ത്രിക്കും ഉപജാപകസംഘത്തിനും എതിരെ ആരോപണം ഉന്നയിക്കാൻ സി.പി.എമ്മിലെ ഉന്നത നേതാക്കളുടെ പിന്തുണ അൻവറിന് ഉണ്ടായിരുന്നെന്നുമാണ് ഇപ്പോൾ വ്യക്തമായത്. സി.പി.എമ്മിൽ എന്തോ ചീഞ്ഞു നാറുന്നു എന്നാണ് വ്യക്തമായത്. ഇതു തന്നെയാണ് പ്രതിപക്ഷം നേരത്തെ പറഞ്ഞതും. അൻവർ പോയത് എൽ.ഡി.എഫിന് വലിയ നഷ്ടമാണെന്നു പറയാൻ എം.വി ഗോവിന്ദന് പറ്റുമോ പ്രതിപക്ഷ ആരോപണങ്ങൾക്ക് അടിവരയിടുകയാണ് അൻവർ ചെയ്തത്.

എൻ.എം വിജയന്റെ മരണശേഷം ആദ്യമായാണ് വയനാട്ടിൽ എത്തുന്നത്. ഇന്ന് അദ്ദേഹത്തിന്റെ വീട് സന്ദർശിച്ചു. മകനെ പ്രകോപിപ്പിച്ച് എനിക്കെതിരെ തിരിക്കാൻ ഒരു മാധ്യമ പ്രവർത്തകൻ അന്ന് ശ്രമിച്ചു. കത്ത് കിട്ടിയില്ലെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞല്ലോയെന്നാണ് മാധ്യമ പ്രവർത്തകൻ ചോദിച്ചത്. പറവൂരിലെ ഓഫീസിൽ എത്തിയാണ് കുടുംബാംഗങ്ങൾ എനിക്ക് കത്ത് നൽകിയത്. കത്തിലെ ക്ലാരിറ്റി കുറവുള്ള ഭാഗങ്ങൾ ഞാൻ അവരോട് ചോദിച്ച് മനസിലാക്കി. കെ.പി.സി.സി അധ്യക്ഷൻ വന്നാൽ ഉടൻ തീരുമാനം പറയാമെന്നാണ് അവരെ അറിയിച്ചത്. പിന്നീട് പൊലീസ് വന്ന് കത്ത് എടുത്തു കൊണ്ട് പോയപ്പോഴാണ് അവർ മാധ്യമങ്ങളോട് കത്തിന്റെ കാര്യം പറഞ്ഞത്. ബി.ജെ.പിയും സി.പി.എമ്മും സമ്മർദ്ദം ചെലുത്തുന്നുണ്ടെന്ന് പറഞ്ഞത് മകനല്ല, ഒപ്പ വന്നയാളാണ്. ആ കുടുംബത്തെ കുറിച്ച് മോശമായ ഒന്നും ഞാൻ പറഞ്ഞിട്ടില്ല. പാർട്ടി കമ്മിറ്റിയുടെ റിപ്പോർട്ട് വന്നാൽ ഉടൻ ഇതു സംബന്ധിച്ച് തീരുമാനം എടുക്കും. അന്വേഷണം നടക്കുമ്പോൾ അതേക്കുറിച്ച് പറയേണ്ടതില്ല.

ഒരുപാട് ആത്മഹത്യകൾ നടക്കാൻ സാധ്യതയുള്ളതാണ് ബ്രഹ്മഗിരി സൊസൈറ്റി ഇടപാട്. 200 മുതൽ 400 കോടി രൂപയാണ് സി.പി.എം നേതാക്കൾ തട്ടിയെടുത്തത്. നിരവധി പേരാണ് ആത്മഹത്യയുടെ വക്കിൽ നിൽക്കുന്നത്. ആത്മഹത്യയുടെ വക്കിൽ നിൽക്കുന്നവരുടെ വീടുകളിൽ പോയി 400 കോടിയുടെ ബാധ്യത സി.പി.എം ഏറ്റെടുക്കുന്നുവെന്ന് പ്രഖ്യാപിക്കുകയാണ് എം.വി ഗോവിന്ദൻ ആദ്യം ചെയ്യേണ്ടത്. എത്ര പേരാണ് പെൻഷൻ കിട്ടിയ പണം സൊസൈറ്റിയിൽ നൽകിയത്. അവരുടെയൊക്കെ കാര്യം എം.വി ഗോവിന്ദൻ ആദ്യം അന്വേഷിക്കട്ടെ. 400 കോടിയാണ് സി.പി.എം നേതാക്കൾ അടിച്ചു മാറ്റിയത്. എന്നിട്ടാണ് സംസ്ഥാന സെക്രട്ടറി നാണമില്ലാതെ എൻ.എം വിജയന്റെ ബാധ്യത ഏറ്റെടുക്കുമെന്നു പറയുന്നത്. പൊലീസ് അന്വേഷണം രാഷ്ട്രീയ പ്രേരിതമാണെന്ന് സി.പി.എമ്മിനെ പോലെ ഞങ്ങൾ പറഞ്ഞിട്ടില്ല.

## ആരോപണം പി.ശശി പറഞ്ഞിട്ട്; സതീശനോട് മാപ്പ് ചോദിക്കുന്നെന്ന് അൻവർ

തിരുവനന്തപുരം: നിയമസഭയിൽ പ്രതിപക്ഷ നേതാവ് വി.ഡി.സതീശനെതിരായി താൻ ആരോപണം ഉന്നയിച്ചത് മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി.ശശി പറഞ്ഞിട്ടെന്ന് പി.വി.അൻവർ. ഈ വിഷയത്തിൽ സതീശനുണ്ടായ മാനഹാനിയിൽ അദ്ദേഹത്തോട് മാപ്പ് ചോദിക്കുന്നെന്നും അൻവർ പ്രതികരിച്ചു.

150 കോടിയുടെ അഴിമതി സതീശൻ നടത്തിയെന്ന് സഭയിൽ ഉന്നയിക്കണമെന്ന് പറഞ്ഞു. ശശി നേരിട്ടാണ് ഇക്കാര്യം സഭയിൽ ഉന്നയിക്കണമെന്ന് തന്നോട് ആവശ്യപ്പെട്ടത്. പാർട്ടി പറഞ്ഞിട്ടാണെന്നാണ് തന്നെ അറിയിച്ചത്. പാർട്ടി ഏൽപിച്ച ദൗത്യമാണ് താൻ നിർവഹിച്ചതെന്നും അൻവർ പറഞ്ഞു. നിരന്തരം മുഖ്യമന്ത്രിക്കും കുടുംബത്തിനുമെതിരെ പ്രതിപക്ഷം നടത്തുന്ന ആരോപണങ്ങളിൽ അമർഷം ഉണ്ടായിരുന്നു. അങ്ങനെയാണ് പി.ശശിയുടെ നിർദേശപ്രകാരം അഴിമതി ആരോപണം ഉന്നയിച്ചതെന്നും അൻവർ വെളിപ്പെടുത്തി. പിന്നീട് നടത്തിയ അന്വേഷണത്തിൽ ഈ ആരോപണം തെറ്റെന്ന് തെളിഞ്ഞു. പ്രതിപക്ഷ നേതാവ് തൻറെ മാപ്പ് സ്വീകരിക്കണമെന്നും അൻവർ അഭ്യർഥിച്ചു.

## ഫലം പ്രസിദ്ധീകരിച്ചു

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈൻസൻസിങ് ബോർഡ് നടത്തിയ ഇലക്ട്രിക്കൽ സൂപ്പർവൈസർ ഗ്രേഡ് ബി എഴുത്തു പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

ഫലം വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും www.dei.kerala.gov.in ലും ലഭ്യമാണ്. പുനഃമൂല്യനിർണയത്തിന് അപേക്ഷിക്കുന്നവർ 15 ദിവസത്തിനകം അപേക്ഷ സമർപ്പിക്കണം.

## തൊഴിൽ വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടിയയാൾ അറസ്റ്റിൽ

തിരുവനന്തപുരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ മേഖലയിൽ തൊഴിൽ വാഗ്ദാനം ചെയ്തു നിരവധി പേരിൽനിന്നു ലക്ഷങ്ങൾ തട്ടിയയാൾ അറസ്റ്റിൽ. പൂവാർ, കല്ലിയവിളാകം, പനയിൽ വീട്ടിൽ സുരേഷ് കുമാറിനെയാണ് (51) തന്പാനൂർ പോലീസ് അറസ്റ്റ് ചെയ്തത്. പോർട്ടിലെ ഉയർന്ന ഉദ്യോഗസ്ഥൻ ആണെന്നു തെറ്റിദ്ധരിപ്പിച്ചാണ് ഇയാൾ പലരിൽ നിന്നായി പണം തട്ടിയത്.

ജോലി ലഭിക്കാത്തതിനെ തുടർന്ന് ഉദ്യോഗാർഥികൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ അധികാരികളുമായി ബന്ധപ്പെട്ടപ്പോഴാണ് തട്ടിപ്പു മനസിലായത്. തുടർന്നു വിഴിഞ്ഞം തുറമുഖ അധികാരികളുടെ പരാതിയിൽ തന്പാനൂർ പോലീസ് നടത്തിയ അന്വേഷണത്തിലാണ് ഇയാൾ അറസ്റ്റിലായത്.

ഇയാളുടെ പക്കൽ നിന്ന് തുറമുഖവുമായി ബന്ധപ്പെട്ട വ്യാജ രേഖകളും ഐഡി കാർഡും കണ്ടെടുത്തതായും പോലീസ് അറിയിച്ചു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.




ടെക്നോപാർക്ക് ഫേസ് 1 കാമ്പസിൽ ഗ്രേഡ്-എ ഐടി ഓഫീസ് സ്പെയ്സും ഫൈവ് സ്റ്റാർ ബിസിനസ് ഹോട്ടലും വികസിപ്പിക്കുന്നതിനായി ബ്രിഗേഡ് എന്റർപ്രൈസസ് ലിമിറ്റഡിന്റെയും ടെക്നോപാർക്കിന്റെയും പ്രതിനിധികൾ മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ ധാരണാപത്രം കൈമാറുന്നു




## ഗോപൻ സ്വാമിയുടെ ദുരൂഹ സമാധി; കല്ലറ എന്ന് പൊളിക്കണം എന്ന തീരുമാനം ചൊവ്വാഴ്ച

തിരുവനന്തപുരം: നെയ്യാറ്റിൻകര ഗോപൻ സ്വാമിയുടെ കല്ലറ എന്ന് പൊളിക്കണം എന്ന തീരുമാനം ചൊവ്വാഴ്ചയുണ്ടാകുമെന്ന് സബ് കളക്ടർ ഒ.വി.ആൽഫ്രഡ്. നിയമനടപടിയുമായി മുന്നോട്ടുപോകും.

ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് കല്ലറ തിങ്കളാഴ്ച പൊളിക്കാതിരുന്നത്. സംഭവം മതപരമായ വിഷയമുണ്ടാക്കാൻ ജില്ലാ ഭരണകൂടം ശ്രമിക്കുന്നില്ല. ഇതിൽ ഉണ്ടായിട്ടുള്ള അസ്വാഭാവികത പുറത്തുകൊണ്ടുവരിക മാത്രമാണ് ചെയ്യുന്നത്.

ഇനിയൊരു ചർച്ചയുടെ ആവശ്യമില്ലെന്നും കല്ലറ എന്ന് പൊളിക്കണമെന്ന് ചൊവ്വാഴ്ച തീരുമാനിക്കുമെന്നും സബ് കളക്ടർ അറിയിച്ചു. കുടുംബാംഗങ്ങൾക്ക് പിന്നാലെ നാട്ടുകാരിൽ ചിലരും പ്രതിഷേധവുമായി രംഗത്ത് വന്നതോടെയാണ് തത്കാലം ഇന്ന് കല്ലറ തുറക്കേണ്ടെന്ന് തീരുമാനിച്ചത്.

## കളമശേരിയിൽ നൂറ്റാണ്ടോളം പഴക്കമുള്ള കല്ലറയും അസ്ഥികൂടവും കണ്ടെത്തി; അന്വേഷണം ആരംഭിച്ചു

കൊച്ചി: കളമശേരി കിൻഫ്ര ഹൈടെക് പാർക്കിൽ കമ്പനി സ്ഥാപിക്കുന്നതിനായി മണ്ണു മാറ്റുന്നതിനിടയിൽ നൂറ്റാണ്ടോളം പഴക്കമുള്ള കല്ലറയും അതിനുള്ളിൽ അസ്ഥികൂടവും കണ്ടെത്തിയ സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു. കമ്പനി ഉടമ പോലീസിൽ വിവരം അറിയിച്ചതിനെ തുടർന്ന് പോലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്തിട്ടുണ്ട്.

മണ്ണുമാന്തി യന്ത്രം ഉപയോഗിച്ചു മണ്ണു നീക്കുന്നതിനിടെ വ്യാഴാഴ്ച വൈകിട്ട് അഞ്ചോടെയാണ് കല്ലറയും അസ്ഥികൂടവും കണ്ടെത്തിയത്. ഫൊറൻസിക് വിദഗ്ധരെത്തി അസ്ഥികൾ പരിശോധനയ്ക്ക് എടുത്തിരുന്നു. അസ്ഥികൂടം പോസ്റ്റ്മോർട്ടത്തിനായി എറണാകുളം ഗവ. മെഡിക്കൽ കോളജിലെത്തിച്ചു.

1963ൽ എച്ച്എംടി സ്ഥാപിക്കുന്നതിന് താമസക്കാരെ ഒഴിപ്പിച്ചു സ്ഥലമുടമകളിൽനിന്ന് ഏറ്റെടുത്ത ഭൂമിയാണിത്.എച്ച്എംടി 240 ഏക്കർ ഭൂമി ഹൈടെക് പാർക്കിനായി 2002ൽ കിൻഫ്രയ്ക്ക് കൈമാറിയിരുന്നു. അതിനു മുന്നേ മറവു ചെയ്ത ജഡമായിരിക്കാമെന്നാണു നിഗമനം. കുഴി താഴ്ത്തി മൃതദേഹം മറവു ചെയ്ത ശേഷം അതിനുമുകളിൽ വെട്ടുകല്ലുകൊണ്ടുള്ള 'കൽപ്പലകകൾ' മേൽക്കൂര കണക്കെ പാകിയ നിലയിലാണു കല്ലറ കണ്ടെത്തിയത്.

## മകര വിളക്കിനുള്ള മുഴുവൻ സുരക്ഷ ക്രമീകരണങ്ങളും പൂർത്തിയായി: ഡിജിപി

തിരുവനന്തപുരം: മകരവിളക്കിന് വേണ്ട മുഴുവൻ സുരക്ഷ ക്രമീകരണങ്ങളും പൂർത്തിയായതായി സംസ്ഥാന പോലീസ് മേധാവി ഷേഖ് ദർവേഷ് സാഹിബ് പഴുതടച്ച സുരക്ഷയാണ് പോലീസ് ഒരുക്കിയിരിക്കുന്നത്.

സന്നിധാനത്ത് 1800, പമ്പയിൽ 800,നിലയ്ക്കലിൽ 700 പോലീസുദ്യോഗസ്ഥർ മകരവിളക്ക് ദിവസം ഡ്യൂട്ടിയിൽ ഉണ്ടാവും. മറ്റ് വ്യൂ പോയിൻറുകൾ ഉള്ള കോട്ടയത്ത് 650, ഇടുക്കിയിൽ 1050 പോലീസുദ്യോഗസ്ഥരും അന്നേ ദിവസം സുരക്ഷയ്ക്കായി ഉണ്ടാകും. മകരജ്യോതി കാണാൻ ഭക്തർ കയറുന്ന സ്ഥലങ്ങളിൽ കൂടുതൽ സുരക്ഷ ഉറപ്പാക്കും. അനധികൃത വ്യൂ പോയിൻറുകൾ അനുവദിക്കില്ല.

സന്നിധാനത്ത് എഡിജിപി ശ്രീജിത്ത്, പമ്പയിൽ റേഞ്ച് ഐജി ശ്യാം സുന്ദർ, നിലയ്ക്കലിൽ ഐജി അജിതാ ബീഗം എന്നിവർ സുരക്ഷാ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും. ഈ സീസണിൽ പോലീസിനെതിരെ പരാതി കേൾക്കാതെ പോയി, വലിയ കൂട്ടായ്മയാണ് ഇത്തവണ ഉണ്ടായിരുന്നതെന്ന് ഡിജിപി പറഞ്ഞു.

ഭക്തർക്ക് സന്തോഷപൂർവമായ ദർശനമാണ് പോലീസ് ആഗ്രഹിക്കുന്നത്. ഹൈക്കോടതി ഇക്കാര്യത്തിൽ സമയോചിതമായുള്ള ഇടപെടലുകൾ നടത്തി. എത്ര ആളുകൾ വന്നാലും സുരക്ഷ ഒരുക്കാൻ പോലീസ് തയാറാണെന്നും എരുമേലി പാത വഴി പ്രത്യേക പാസ് ഇനി ഉണ്ടാകില്ലെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

## കാറിൽ എംഡിഎംഎ കടത്താൻ ശ്രമം; ദമ്പതികൾ അടക്കം നാല് പേർ പിടിയിൽ

കാസർഗോഡ്: മഞ്ചക്കല്ലിൽ എംഡിഎംഎയുമായി ദമ്പതികൾ അടക്കം നാല് പേർ പിടിയിൽ. കോട്ടക്കണ്ണി സ്വദേശി ഷാനവാസ് (42), ഭാര്യ ഷെരീഫ (40), മാസ്തിക്കുണ്ട് സ്വദേശി മുഹമ്മദ് സഹദ് (26), ചെമ്മനാട് സ്വദേശി ഷുഹൈബ എന്നിവരാണ് അറസ്റ്റിലായത്.

100 ഗ്രാം എംഡിഎംഎയാണ് ഇവരിൽനിന്ന് പിടിച്ചെടുത്തത്. ഇന്ന് രാവിലെയാണ് കാറിൽ കടത്തുകയായിരുന്ന മയക്കുമരുന്ന് രഹസ്യവിവരത്തെ തുടർന്ന് പിടികൂടിയത്.

വിപണിയിൽ ആറ് ലക്ഷത്തിൽ അധികം രൂപ വില വരുന്ന എംഡിഎംഎയാണ് പിടികൂടിയതെന്ന് പോലീസ് അറിയിച്ചു. ബംഗളൂരുവിൽനിന്ന് എംഡിഎംഎ കടത്തിക്കൊണ്ട് വന്ന് വിവിധയിടങ്ങളിൽ വിതരണം ചെയ്യുന്ന സംഘമാണ് പിടിയിലായതെന്നാണ് നിഗമനം. ഇവരെ വിശദമായി ചോദ്യം ചെയ്ത് വരികയാണ്.

## പത്തനംതിട്ട പീഡനക്കേസ്; എഫ്ഐആറുകളുടെ എണ്ണം 29 ആയി

പത്തനംതിട്ട: കായിക താരത്തെ പീഡിപ്പിച്ച കേസിൽ എഫ്ഐആറുകളുടെ എണ്ണം 29 ആയി. ഇന്നും കൂടുതൽ അറസ്റ്റ് ഉണ്ടായേക്കുമെന്നാണ് സൂചന.

പെൺകുട്ടിയുടെ മൊഴിയിൽ പറയുന്ന ചില ആളുകൾ ജില്ലയ്ക്ക് പുറത്താണെന്നാണ് പോലീസിന് ലഭിച്ച വിവരം. ഈ സാഹചര്യത്തിൽ കൂടുതൽ പ്രതികൾക്കായി ജില്ലയ്ക്ക് പുറത്തും അന്വേഷണം നടത്തും.

അഞ്ചു വർഷത്തിനിടെ 62 പേർ ലൈംഗിക ചൂഷണത്തിന് ഇരയാക്കി എന്നാണ് കായിക താരമായ പെൺകുട്ടിയുടെ മൊഴി. അടുത്ത ദിവസം വിവാഹ നിശ്ചയം തീരുമാനിക്കപ്പെട്ട യുവാവ് ഉൾപ്പെടെ കഴിഞ്ഞ ദിവസം പിടിയിലായിരുന്നു. പെൺകുട്ടി ഉപയോഗിച്ച ഫോണിലേക്ക് പ്രതികളിൽ പലരും അശ്ലീല ദൃശ്യങ്ങൾ അയച്ചുവെന്ന് പോലീസ് കണ്ടെത്തി.

## മാസപ്പടി കേസിൽ നടന്നത് 185 കോടിയുടെ അഴിമതി; ഡൽഹി ഹൈക്കോടതിയിൽ കേന്ദ്രം, കണ്ടെത്തൽ എസ്എഫ്ഐഒ അന്വേഷണത്തിൽ

ന്യൂഡൽഹി: സിഎംആർഎൽ മാസപ്പടി കേസിൽ നടന്നത് 185 കോടിയുടെ അഴിമതിയെന്ന് കേന്ദ്ര സർക്കാർ. എസ്എഫ്ഐഒ അന്വേഷണത്തിലാണ് ഇക്കാര്യം കണ്ടെത്തിയത്.ഡൽഹി ഹൈക്കോടതിയിൽ കേന്ദ്ര സർക്കാരും ആദായ നികുതി വകുപ്പും ഇതുസംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.അഴിമതി രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ഭീഷണിയാണ്. ബോർഡ് ഉത്തരവ് വന്നതുകൊണ്ട് മറ്റ് നടപടികൾ പാടില്ലെന്ന വാദം നിലനിൽക്കില്ല. ആദായ നികുതി സെറ്റിൽമെൻറ് ബോർഡ് ഉത്തരവിന് മേൽ മറ്റ് അന്വേഷണം പാടില്ലെന്ന വാദവും നിലനിൽക്കില്ല. നിയമം അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്നും ആദായ നികുതി വകുപ്പ് വ്യക്തമാക്കി.സിഎംആർഎൽ ചെലവുകൾ പെരുപ്പിച്ചുകാട്ടി അഴിമതിപ്പണം കണക്കിൽപ്പെടുത്തി. ചരക്കുനീക്കത്തിനും മാലിന്യ നിർമാർജനത്തിനും കോടികൾ ചെലവിട്ടെന്ന വ്യാജ ബില്ല്നിർമിച്ചുവെന്നും ആദായനികുതി വകുപ്പ് പറയുന്നു.കോർപ്പറേറ്റ് സ്ഥാപനത്തെ ഉപയോഗിച്ച് നടത്തിയ സങ്കൽപ്പത്തിനും അപ്പുറമുള്ള അഴിമതിയാണ് ഇത്. പല രാഷ്ട്രീയ പാർട്ടികൾക്കും നേതാക്കൾക്കും അനധികൃതമായി പണം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.സംസ്ഥാനസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെഎസ്ഐഡിസിക്ക് സിഎംആർ എല്ലിൽ ഓഹരി പങ്കാളിത്തമുണ്ട്. ഇങ്ങനെയൊരു സ്ഥാപനത്തിൽ ഇത്തരത്തിൽ ഒരു വിവാദമുണ്ടാകുമ്പോൾ അതിൽ പൊതുതാത്പര്യം ഉണ്ടാകുമെന്നും കേന്ദ്രം വ്യക്തമാക്കി.അടുത്തയാഴ്ച മാസപ്പടി കേസിൽ വിധി പറയും എന്നാണ് വിവരം.



ജൈവ മാലിന്യ സംസ്ക്കരണ ഉപാധികളുടെ വിവരശേഖരണത്തിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തുന്ന സംസ്ഥാനതല സർവേയുടെ ഉദ്ഘാടനം പാലക്കാട് കൊടുമ്പത്ത് മന്ത്രി എം.ബി രാജേഷ് നിർവഹിക്കുന്നു

# കുടുംബശ്രീ ദേശീയ സരസ് ഉൽപന്ന പ്രദർശന വിപണന മേള: സംസ്ഥാനങ്ങളുടെ രജിസ്ട്രേഷൻ പുരോഗമിക്കുന്നു

ആകെ സ്റ്റാളുകൾ–250
വിവിധ സംസ്ഥാനങ്ങളുടെ സ്റ്റാളുകൾ–70
കുടുംബശ്രീ സംരംഭകരുടെ സ്റ്റാളുകളുടെ എണ്ണം.–150
ഗ്രാമ വികസനം–30

തിരുവനന്തപുരം: കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും കുടുംബശ്രീയും സംയുക്തമായി ജനുവരി 20 മുതൽ 31 വരെ ചെങ്ങന്നൂർ പെരുങ്കുളം സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുന്ന ദേശീയ സരസ് ഉൽപന്ന പ്രദർശന വിപണന മേളയോടനുബന്ധിച്ച് വിവിധ സംസ്ഥാനങ്ങളുടെ രജിസ്ട്രേഷൻ പുരോഗമിക്കുന്നു. നിലവിൽ ആസാം, മഹാരാഷ്ട്ര, ത്രിപുര, ഹരിയാന, ആന്ധ്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയുമാണ് രജിസ്ട്രേഷൻ പൂർത്തിയാക്കിയത്. ബാക്കി സംസ്ഥാനങ്ങളുടെ രജിസ്ട്രേഷൻ നടപടികളും ഊർജിതമാണ്. ജനുവരി 15–നകം എല്ലാ സംസ്ഥാനങ്ങളിൽ നിന്നുള്ള രജിസ്ട്രേഷൻ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. ഇതിനായി അതത് സംസ്ഥാന ഗ്രാമീണ ഉപജീവന മിഷനുകളുടെ സഹകരണവും തേടുന്നുണ്ട്. രാജ്യമൊട്ടാകെയുള്ള ഗ്രാമീണ സംരംഭകർ തയ്യാറാക്കുന്ന ഉൽപന്നങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ് സരസ് മേളയുടെ ലക്ഷ്യം.

ഉൽപന്ന പ്രദർശന വിപണന മേളയിൽ ആകെ 250 സ്റ്റാളുകളാണുള്ളത്. ഇതിൽ 70 എണ്ണം വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന സംരംഭകർക്കാണ്. കുടുംബശ്രീക്കായി 150–ഉം ഇതര വകുപ്പുകൾക്കായി 30–ഉം ഉൾപ്പെടെ ആകം 180 സ്റ്റാളുകളാണ് കേരളത്തിനായി ഉള്ളത്. ഇതിനു പുറമേ കുടുംബശ്രീയുടെയും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള യൂണിറ്റുകളുടേതുമായി 30 കഫേ സ്റ്റാളുകളും ഉണ്ടാകും. അട്ടപ്പാടിയിൽ നിന്നുള്ള സംരംഭകരും ഉൽപന്ന വിപണനത്തിനായി എത്തുന്നുണ്ട്.

ഓരോ സംസ്ഥാനത്തിൻറെയും തനിമ പുലർത്തുന്ന ഉൽപന്നങ്ങളുമായായാണ് സംരംഭകർ എത്തുന്നത്. തൃപുര, ആസാം എന്നിവിടങ്ങളിൽ നിന്നും കരകൗശല ഉൽപന്നങ്ങളും മഹാരാഷ്ട്രയിൽ നിന്നും വിവിധ തരം സാരികൾ, മസാലപ്പൊടികൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുമാണ് ഉൽപന്ന പ്രദർശന വിപണന മേളയിലെത്തുക. മുത്ത്, കല്ലുകൾ എന്നിവ കൊണ്ടു തയ്യാറാക്കിയ വിവിധതരം ആഭരണങ്ങൾ, ഹാൻഡ്‌ലൂം, തടികൊണ്ടുള്ള ഉപകരണങ്ങൾ എന്നിവയാണ് ആന്ധ്രയുടെ ഉൽപന്നങ്ങൾ. പുതുച്ചേരിയിൽ നിന്നും സൂക്ഷ്മസംരംഭ ഉൽപന്നങ്ങളും കഫേ ഫുഡ് സ്റ്റാളുമാണ് മേളയിൽ ഉണ്ടാവുക. കാശ്മീരിൽ നിന്നുള്ള സംരംഭകരും വിവിധ ഉൽപന്നങ്ങളുമായി സരസ് മേളയിൽ എത്തും.

# സമ്പൂർണ മാലിന്യമുക്തം നവകേരളം പ്രഖ്യാപനം മാർച്ച് 30ന്: മന്ത്രി എം.ബി രാജേഷ്

## സംസ്ഥാനത്ത് ജൈവ മാലിന്യ സംസ്ക്കരണ ഉപാധികളുടെ വിവരശേഖരണത്തിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ സർവേയ്ക്ക് തുടക്കം;സർവേ ജനുവരി 12 വരെ

തിരുവനന്തപുരം: അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനമായ മാർച്ച് 30ന് സമ്പൂർണ മാലിന്യമുക്തം നവകേരളം പ്രഖ്യാപനം നടത്താനാണ് തീരുമാനമെന്നും അടുത്ത മൂന്നു മാസ കാലയളവിൽ ഈ രംഗത്ത് വലിയ പുരോഗതി കൈവരിക്കാൻ കഴിയുമെന്നും തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെൻററി കാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. വീടുകളിലും സ്ഥാപനങ്ങളിലുമുള്ള ജൈവ മാലിന്യ സംസ്ക്കരണ ഉപാധികളുടെ വിവരശേഖരണത്തിൻറെ ഭാഗമായി നടത്തുന്ന സംസ്ഥാനതല സർവേയുടെ ഉദ്ഘാടനം പാലക്കാട് കൊടുമ്പത്ത് സ്വന്തം വീട്ടിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ഗാർഹികതലത്തിലും സ്ഥാപനതലത്തിലും കമ്യൂണിറ്റിതലത്തിലും ഉപയോഗിക്കുന്ന മാലിന്യ സംസ്ക്കരണ ഉപാധികൾ സംബന്ധിച്ച സമഗ്ര വിവരശേഖരണം മാലിന്യമുക്തം നവകേരളം ക്യാമ്പയിൻറെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് അനവാര്യമാണ്. വൻകിട പ്ളാൻറുകൾ വരുന്നതോടൊപ്പം വികേന്ദ്രീകൃത പ്ളാൻറുകളും പ്രവർത്തനം തുടങ്ങും.

കേരളത്തിന് രണ്ടും ആവശ്യമാണ്. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുക എന്നതാണ് നാം അംഗീകരിച്ച കാഴ്ചപ്പാട്. ബ്രഹ്മപുരത്ത് പ്രതിദിനം 150 ടൺ ജൈവമാലിന്യം കംപ്രസ്ഡ് ബയോഗ്യാസായി മാറ്റാൻ കഴിയുന്ന പ്ളാൻറ് മാർച്ചിൽ ഉദ്ഘാടനം ചെയ്യാൻ തയ്യാറാകുന്നു.

സമാനമായ പ്ളാൻറ് തിരുവനന്തപുരത്തും കോഴിക്കോടും സ്ഥാപിക്കാൻ അനുമതിയുമായിട്ടുണ്ടെന്നും ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ പൂർണതയിലെത്തിക്കാനാണ് സർവേ നടത്തുന്നതെന്നും മന്ത്രി പറഞ്ഞു.

വാർഡിലെ ഹരിതകർമ സേനാംഗങ്ങളായ ശാന്ത, തങ്കമണി, സി.ഡി.എസ് അധ്യക്ഷ കനകം എന്നിവരാണ് സർവേയ്ക്കായി മന്ത്രിയുടെ വീട്ടിൽ എത്തിയത്. വിവിധ സംസ്ക്കരണ ഉപാധികൾ സംബന്ധിച്ച വിവരങ്ങൾ മന്ത്രിയോടും ഭാര്യയോടും ചോദിച്ചറിഞ്ഞു. ഹരിതമിത്രം ആപ്പ് മുഖേനയായിരുന്നു വിവരശേഖരണം.

മാലിന്യമുക്തം നവകേരളം പ്രഖ്യാപനത്തിൻറെ മുന്നോടിയായിട്ടാണ് തദ്ദേശ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ ഇന്നലെ(0612024) മുതൽ സംസ്ഥാനമൊട്ടാകെ സർവേ ആരംഭിച്ചത്.

ഇതുമായി ബന്ധപ്പെട്ട് 35,000–ലേറെ വരുന്ന ഹരിതകർസനാംഗങ്ങൾ പൂർണമായും രംഗത്തുണ്ട്. ഉറവിട മാലിന്യ സംസ്ക്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതോടൊപ്പം നൂറു ശതമാനം വീടുകളും സ്ഥാപനങ്ങളും ഹരിതകർമ സേനയുടെ പരിധിയിൽ കൊണ്ടുവരികയാണ് ലക്ഷ്യം. സർവേയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ശുചിത്വമിഷൻ, കേരള സോളിഡ് വേസ്റ്റ് മാനേജ്മെൻറ് പ്രോജക്ട്, ഇൻഫർമേഷൻ കേരള മിഷൻ എന്നിവയുടെ സഹകരണവുമുണ്ടാകും. ജനുവരി 12 വരെയാണ് സർവേ.

തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടർ ഉഷ എം.കെ അധ്യക്ഷത വഹിച്ചു. മലമ്പുഴ ബളോക്ക് പഞ്ചായത്ത് പ്രസിഡൻറ് ബിജോയ്, കൊടുമ്പ് ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ധനരാജ്, വൈസ് പ്രസിഡൻറ് ശാന്ത, ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ ശാരദ, വാർഡ് മെമ്പർ പ്രകാശിനി, നവകേരള ജില്ലാമിഷൻ കോർഡിനേറ്റർ പി.സെയ്തലവി, ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ വരുൺ ജി, തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റൻറ് ഡയറക്ടർ ഹമീദ ജലീസ എന്നിവർ പങ്കെടുത്തു. കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ കെ.കെ ചന്ദ്രദാസ് നന്ദി പറഞ്ഞു.

# പുതുവർഷ സമ്മാനം: കുടുംബശ്രീ ബ്ളോക്ക് കോർഡിനേറ്റർമാരുടെ വേതനത്തിൽ 5000 രൂപയുടെ വർധന

തിരുവനന്തപുരം: പുതുവത്സര സമ്മാനമായി കുടുംബശ്രീ ബ്ളോക്ക് കോർഡിനേറ്റർമാരുടെ വേതനം 5000 രൂപ വർധിപ്പിച്ച് 20,000 രൂപയാക്കി. നിലവിൽ 15,000 രൂപയായിരുന്ന വേതനമാണ് 20,000 രൂപയാക്കിയത്. കുടുംബശ്രീ സംഘടന, മൈക്രോ ഫിനാൻസ്, മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്റ്റം(എം.ഐ.എസ്) എന്നീ മൂന്ന് വിഭാഗങ്ങൾ കൈകാര്യം ചെയ്യുന്ന എം.ഐ.എസ് ബ്ളോക്ക് കോർഡിനേറ്റർമാരുടെ വേതനമാണ് വർധിപ്പിച്ചത്. കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 152 ബ്ളോക്കുകളിൽ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്ന 152 ബ്ളോക്ക് കോർഡിനേറ്റർമാർക്ക് ഇതിൻറെ പ്രയോജനം ലഭിക്കും. എം.ഐ.എസ് ബ്ളോക്ക് കോർഡിനേറ്റർമാരുടെ വേതന വർധനവിനായി 3.64 കോടി രൂപ എൻ.ആർ.എൽ.എം വാർഷിക കർമപദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

വേതനം വർധിപ്പിച്ചതിനൊപ്പം കുടുംബശ്രീയുടെ കീഴിൽ വിവിധ പദ്ധതികളുടെ ഭാഗമായി പ്രവർത്തിക്കുന്ന എല്ലാ ബ്ളോക്ക് കോർഡിനേറ്റർമാരുടെയും വേതനം 20,000 രൂപയായി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്.

ചെയർപേഴ്സൺ ഒഴികെയുള്ള സി.ഡി.എസ് അംഗങ്ങൾക്ക് പ്രതിമാസം 500 രൂപ യാത്രാ ബത്ത അനുവദിക്കാൻ കഴിഞ്ഞ മാസം സർക്കാർ തീരുമാനിച്ചിരുന്നു. 18400 ഓളം വരുന്ന സി.ഡി.എസ് അംഗങ്ങൾക്കായി പ്രതിവർഷം 11.02 കോടിയാണ് ഈ ഇനത്തിൽ വിനിയോഗിക്കുക.

# മഹാകുംഭമേളയ്ക്ക് ഇന്നു തുടക്കം; 35 കോടി തീർഥാടകരെത്തുമെന്ന് പ്രതീക്ഷ

ലക്നോ/പ്രയാഗ്‌രാജ്: ഉത്തർപ്രദേശിൽ ഗംഗ, യമുന, സരസ്വതി നദികളുടെ സംഗമഭൂമിയിൽ മഹാകുംഭമേളയ്ക്ക് ഇന്നു പൗഷ് പൂർണിമസ്നാനത്തോടെ തുടക്കമാകും. 65 രാജ്യങ്ങളിൽനിന്നുള്ള തീർഥാടകരെ പ്രതീക്ഷിക്കുന്ന മഹാകുംഭമേളയ്ക്ക് അടുത്തമാസം 26ന് മഹാശിവരാത്രിയോടെ സമാപനം കുറിക്കും.

മൂന്നുവർഷത്തിലൊരിക്കൽ എന്ന കണക്കിൽ നാല് വ്യത്യസ്ത ഇടങ്ങളിലാണ് കുംഭമേളകളെങ്കിൽ പന്ത്രണ്ടുവർഷത്തിലൊരിക്കൽ പ്രയാഗ്‌രാജിൽ മാത്രമാണ് മഹാകുംഭമേള. വിശ്വാസികളുടെ സംഗമം എന്നതിനപ്പുറം 144 വർഷത്തിനിടെ ആദ്യമായി ആകാശത്ത് ഏഴ് ഗ്രഹങ്ങൾ നേർരേഖയിൽ അണിനിരക്കുന്ന വേളയിലാണ് ഇത്തവണത്തെ മഹാകുംഭമേള.

ഇത്തവണ 35 കോടി തീർഥാടകരെ പ്രതീക്ഷിക്കുന്നതായി യുപി ചീഫ് സെക്രട്ടറി മനോജ് കുമാർ സിംഗ് പറഞ്ഞു. 45 ദിവസം നീളുന്ന മഹാകുംഭമേളയ്ക്കായി സംസ്ഥാനസർക്കാർ 7000 കോടിയിലേറെ രൂപയാണു നീക്കിവച്ചിരിക്കുന്നത്. ഏറ്റവുമൊടുവിൽ നടന്ന കുംഭമേളയിൽ ശുചിത്വത്തിനാണു പ്രാമുഖ്യം നൽകിയിരുന്നതെങ്കിൽ ഇത്തവണ ശുചിത്വത്തിനൊപ്പം സുരക്ഷയും ഉറപ്പാക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ഡിജിറ്റൽ സേവനമാണ് മറ്റൊരു പ്രത്യേകത. 2019ൽ നടന്ന കുംഭമേളയിൽ 24 കോടി തീർഥാടകർ പങ്കെടുത്തുവെന്നാണ് കണക്ക്. ഇത്തവണ മഹാകുംഭമേളയിൽ ഇത് 35 കോടിയിലധികമാകുമെന്നാണു പ്രതീക്ഷ. ഇത്തവണ നാലായിരം ഹെക്ടർ ഭൂമിയാണ് മഹാകുംഭമേളയ്ക്കായി ഒരുക്കിയിരിക്കുന്നത്.

കഴിഞ്ഞവർഷം 3200 ഹെക്ടർ ഭൂമിയായിരുന്നു. 12 കിലോമീറ്ററോളം ദൈർഘ്യത്തിലാണ് കുടിലുകൾ സ്ഥാപിച്ചിരിക്കുന്നത്. 1850 ഹെക്ടർ സ്ഥലം പാർക്കിംഗിനായി നീക്കിവച്ചിരിക്കുന്നു. 1.50 ലക്ഷം ശുചിമുറികൾ ഇത്തവണ സജ്ജീകരിച്ചിട്ടുണ്ട്.

55 പോലീസ് സ്റ്റേഷൻ പരിധികളിലായി 45,000 പോലീസുകാരെ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. സമൂഹമാധ്യമങ്ങളെ നിരീക്ഷിക്കുന്നതിനുവരെ സംവിധാനം ഉണ്ടാകും. മഹാകുംഭമേള നടക്കുന്ന സ്ഥലങ്ങളിൽ സുരക്ഷയ്ക്കായി മൂവായിരത്തിലധികം കാമറകളും സജ്ജീകരിക്കും.

# കൂട്ട ആത്മഹത്യ ഒഴിവാക്കാൻ എൻ.എം. വിജയൻറെ കുടുംബബാധ്യത സിപിഎം ഏറ്റെടുക്കും: എം.വി. ഗോവിന്ദൻ

കൽപ്പറ്റ: വയനാട്ടിൽ ജീവനൊടുക്കിയ ഡിസിസി ട്രഷറർ എൻ.എം. വിജയൻറെ കുടുംബത്തിനൊപ്പമാണ് പാർട്ടിയെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. കുടുംബത്തിൻറെ ബാധ്യത കെപിസിസി ഏറ്റെടുക്കാൻ തയാറായില്ലെങ്കിൽ കൂട്ടആത്മഹത്യ ഒഴിവാക്കാൻ ആ ബാധ്യത പാർട്ടി ഏറ്റെടുക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.വിജയൻറെ കുടുംബത്തെ സന്ദർശിച്ച ശേഷം ബത്തേരിയിൽ ഐ.സി. ബാലകൃഷ്ണൻ എംഎൽഎയുടെ രാജി ആവശ്യപ്പെട്ട് നടത്തിയ പ്രതിഷേധ സദസ് ഉദ്ഘാടനം ചെയ്യാനെത്തിയപ്പോഴായിരുന്നു ഗോവിന്ദൻറെ പ്രതികരണം.ജീവിച്ചിടത്തോളം കാലം എൻ.എം. വിജയൻ കോൺഗ്രസിനുവേണ്ടി പ്രവർത്തിച്ചു. അദ്ദേഹത്തിൻറെ മരണത്തിനു പിന്നിൽ കോൺഗ്രസിൻറെ ജില്ലാ, സംസ്ഥാന നേതൃത്വമാണ്. ഐ.സി. ബാലകൃഷ്ണൻ എംഎൽഎ എത്രയും പെട്ടെന്ന് രാജിവയ്ക്കണമെന്നും ഗോവിന്ദൻ പറഞ്ഞു.കടം ഏറ്റെടുക്കുന്ന കാര്യത്തിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരുറപ്പും നൽകിയില്ലെന്നു കുടുംബം പറഞ്ഞു. അന്തവും കുന്തവുമില്ലാത്ത കുടുംബമെന്നാണു കെ. സുധാകരൻ പറഞ്ഞത്. വി.ഡി. സതീശൻ പറഞ്ഞത് കുടുംബം തങ്ങളെ ഭീഷണിപ്പെടുത്തിയെന്നാണ്. മുഴുവൻ കളവാണെന്നാണു രമേശ് ചെന്നിത്തല പറഞ്ഞത്. മുഖ്യമന്ത്രി സ്ഥാനാർഥികളായ മൂന്നു പേരും കുടുംബത്തെ തള്ളിപ്പറഞ്ഞാണു രംഗത്തെത്തിയതെന്നും ഗോവിന്ദൻ കൂട്ടിച്ചേർത്തു.

# ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2024–25 അധ്യയന വർഷത്തെ എൽ.എൽ.എം കോഴ്സിലേയ്ക്കുള്ള രണ്ടാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ 14 ന് ഉച്ചയ്ക്ക് 12 നകം ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ ലഭിക്കും. രണ്ടാംഘട്ട ഓൺലൈൻ സ്ട്രേ വേക്കൻസി അലോട്ട്മെന്റിനു ശേഷം ഒഴിവുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് പരിഗണിക്കുന്ന അർഹരായ വിദ്യാർഥികളുടെ ലിസ്റ്റുകളും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഹെൽപ് ലൈൻ നമ്പർ : 0471 2525300.



തദ്ദേശ സ്വയംഭരണ വകപ്പ് മന്ത്രി എം.ബി. രാജേഷ് ജില്ലാ ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ച 'സുകൃതം വാസുദേവം' എം.ടി. വാസുദേവൻ നായർ അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു




ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ മൊബൈൽ ഔട്ട്ബ്രേക്ക് പരിശോധന യൂണിറ്റ് മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ലാഗ് ഓഫ് ചെയ്യുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഗോപൻസ്വാമിയുടെ സമാധി: ദുരൂഹത തുടരുന്നു

തിരുവനന്തപുരം: നെയ്യാറ്റിൻകരയിൽ പൂജാരിയായ 69-കാരനെ മക്കൾ സമാധിപീഠത്തിൽ അടക്കിയ സംഭവത്തിൽ ദുരൂഹത തുടരുന്നു. മക്കളുടെ മൊഴികളിലെ വൈരുധ്യമാണ് സംഭവത്തിൽ ദുരൂഹത വർധിപ്പിക്കുന്നത്. അതിനിടെ ദുരൂഹതയകറ്റാനായി മൃതദേഹം പുറത്തെടുത്ത് പോസ്റ്റ്മോർട്ടം ചെയ്യണമെന്നും ഇതിനായി കളക്ടറുടെ അനുമതി തേടിയിട്ടുണ്ടെന്നും പോലീസ് അറിയിച്ചു. അനുമതി ലഭിക്കുന്ന മുറയ്ക്ക് ആർ.ഡി.ഒ.യുടെ സാന്നിധ്യത്തിൽ മൃതദേഹം പുറത്തെടുത്ത് പോസ്റ്റ്മോർട്ടം ചെയ്യും. ഇതുസംബന്ധിച്ച് തിങ്കളാഴ്ചയാകും കളക്ടറുടെ ഉത്തരവുണ്ടാവുകയെന്നാണ് വിവരം.

നെയ്യാറ്റിൻകര ആറാലുംമൂട് ചന്തയ്ക്ക് എതിർവശം കാവുവിളാകം കൈലാസനാഥ ക്ഷേത്രം സ്ഥാപകൻ കാവുവിളാകം സിദ്ധൻവീട്ടിൽ മണിയൻ എന്ന ഗോപൻ സ്വാമി(69)യുടെ മരണത്തിലാണ് നാട്ടുകാർ സംശയമുന്നയിക്കുന്നത്. ഗോപൻ സ്വാമി കുറച്ചു നാളുകളായി രോഗബാധിതനായി കിടപ്പിലായിരുന്നു. കഴിഞ്ഞ വ്യാഴാഴ്ച ഗോപൻ സ്വാമി സമാധിയായെന്നു കാട്ടി മക്കൾ വീടിനു മുന്നിൽ ബോർഡ് സ്ഥാപിച്ചു. അപ്പോൾ മാത്രമാണ് ഇദ്ദേഹം മരിച്ചെന്ന വിവരം നാട്ടുകാരറിഞ്ഞത്. തുടർന്ന് പോലീസിൽ വിവരമറിയിക്കുകയായിരുന്നു.

വീടിന് സമീപത്തെ ക്ഷേത്രത്തിനടുത്തായി ഗോപൻ സ്വാമി തന്റെ സമാധിപീഠം നേരത്തെ തയ്യാറാക്കിയിരുന്നതായാണ് മക്കൾ പറയുന്നത്. നേരത്തെ തയ്യാറാക്കിയ കോൺക്രീറ്റ് അറയ്ക്കുള്ളിലേക്ക് ഗോപൻ സ്വാമി സ്വയം നടന്നെത്തി ഇരുന്നതായും അവിടെവെച്ച് സമാധിയായെന്നുമാണ് ഇവരുടെ വാദം. അച്ഛന്റെ ആത്മാവ് കൈലാസത്തിലേക്ക് പോകുന്നത് താൻ കണ്ടെന്നും ഇതിനു ശേഷമാണ് കോൺക്രീറ്റ് പാളി ഉപയോഗിച്ച് സമാധി പീഠത്തിലെ അറ അടച്ചതെന്നും അതിനുമുമ്പായി അറയ്ക്കുള്ളിൽ സുഗന്ധദ്രവ്യങ്ങൾ നിറച്ചെന്നും മകൻ പറഞ്ഞിരുന്നു.

നിലവിൽ സമാധിപീഠം സ്ഥിതിചെയ്യുന്ന സ്ഥലം പോലീസ് സീൽചെയ്തിരിക്കുകയാണ്. അതേസമയം, ഗോപൻ സ്വാമി ഏതാനും നാളുകളായി കിടപ്പിലായിരുന്നുവെന്നാണ് നാട്ടുകാർ പറയുന്നത്. വീടിന് സമീപത്തെ ക്ഷേത്രം ഗോപൻ സ്വാമി തന്നെ പണികഴിപ്പിച്ചതാണ്. ഏതാനും നാളുകളായി ക്ഷേത്രം അടച്ചിട്ട നിലയിലായിരുന്നു. ഇതിനിടെയാണ് ഗോപൻ സ്വാമി സമാധിയായെന്ന ബോർഡ് വീടിന് മുന്നിൽ സ്ഥാപിച്ചതെന്നും അപ്പോഴാണ് മരണവിവരം അറിയുന്നതെന്നും സമീപവാസികൾ പറഞ്ഞു.

അതിനിടെ, സമാധിച്ചടങ്ങ് ആരെയും അറിയിക്കരുതെന്ന് അച്ഛൻ പറഞ്ഞതനുസരിച്ചാണ് മരണവിവരം പുറത്തറിയിക്കാൻ വൈകിയതെന്നാണ് മക്കൾ പറയുന്നത്. ഷുഗറിന്റെയും രക്തസമ്മർദത്തിന്റെയും മരുന്നുകളും ഭക്ഷണവും കഴിച്ചശേഷമാണ് അച്ഛൻ സമാധിയാകാൻ പോയതെന്നും മക്കൾ പറഞ്ഞു.വ്യാഴാഴ്ച രാവിലെ 11 മണിയോടെയാണ് ഗോപൻ സ്വാമിയുടെ മരണം സംഭവിച്ചതെന്നാണ് മക്കളുടെ മൊഴി. എന്നാൽ, കിടപ്പിലായിരുന്നതിനാൽ ഗോപൻ സ്വാമിക്ക് സ്വയം നടന്നുവന്ന് സമാധിപീഠത്തിലിരിക്കാൻ കഴിയുമോ എന്നതാണ് നാട്ടുകാരുടെ സംശയം. ജീവനോടെയാണോ ഗോപൻ സ്വാമിയെ സമാധിപീഠത്തിൽ അടക്കിയത് അതോ മരണശേഷം അടക്കിയതാണോ എന്നതിലും സംശയം നിലനിൽക്കുകയാണ്.ക്ഷേത്രസ്ഥാപകനും പൂജാരിയുമായ ഗോപൻ സ്വാമി നേരത്തെ ചുമട്ടുത്തൊഴിലാളിയായിരുന്നു എന്നാണ് അയൽക്കാർ പറയുന്നത്. പിന്നീടാണ് ക്ഷേത്രവും സ്ഥാപിച്ച് പൂജ ആരംഭിച്ചത്. നേരത്തെ ക്ഷേത്രത്തിലേക്ക് ആളുകളൊക്കെ വന്നിരുന്നു. പക്ഷേ, ഏതാനും നാളുകളായി ക്ഷേത്രം അടച്ചിട്ടനിലയിലായിരുന്നു. ഗോപൻ സ്വാമിക്ക് ഭാര്യയും മൂന്നുമക്കളുമാണുണ്ടായിരുന്നത്. ഇതിൽ ഒരുമകൻ നേരത്തെ മരിച്ചിരുന്നതായും സമീപവാസികൾ പറഞ്ഞു. അതിനിടെ, സംഭവത്തിൽ തിങ്കളാഴ്ച രാവിലെ ഗോപൻ സ്വാമിയുടെ മകനോട് പ്രതികരണം തേടിയപ്പോൾ 'എല്ലാം ഭഗവാനോട് ചോദിക്കൂ' എന്നായിരുന്നു ഇയാളുടെ പ്രതികരണം.

## സൗത്ത് സോൺ സോഫ്റ്റ് ബോൾ ചാമ്പ്യൻഷിപ്പ് കേരളത്തിന് കിരീടം

തിരുവനന്തപുരം; പോണ്ടിച്ചേരിൽ വെച്ച് നടന്ന 21 മത് സീനിയർ സൗത്ത് സോൺ സോഫ്റ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ കേരള വനിതകൾ കിരീടം നേടി . ഗ്രാന്റ് ഫൈനലിൽ തെലുങ്കാനയെ 3-2 ന് പരാജയപ്പെടുത്തിയാണ് കേരള വനിതകൾ കിരീടം നേടിയത്. പുരുഷ വിഭാഗത്തിൽ ആന്ധ്രാ പ്രദേശിനോട് 2-3 ന് പരാജയപ്പെട്ട കേരള പുരുഷ ടീം രണ്ടാം സ്ഥാനം നേടി. ചാമ്പ്യൻഷിപ്പിലെ മികച്ച വനിതാ താരമായി അഞ്ചലി പി ( വയനാട്)യും, പുരുഷ വിഭാഗത്തിൽ അക്ഷയ് രാജ് ( തിരുവനന്തപുരം) എന്നിവരെ തിരഞ്ഞെടുത്തു. സ്വരൂപ് ആർ ( പാലക്കാട് ) വനിതാ ടീമിന്റേയും, കുഞ്ഞുമാൻ പി ബി ( പത്തനംതിട്ട ) പുരുഷ ടീമിന്റേയും കോച്ചുമായിരുന്നു.

## ചൊവ്വാഴ്ച പുല്ലുമേട് നിന്നും സന്നിധാനത്തേക്ക് തീർത്ഥാടകരെ കടത്തിവിടില്ല

മകരജ്യോതി ദർശിച്ചശേഷം പുല്ലുമേട് നിന്നും സന്നിധാനത്തേക്ക് തീർത്ഥാടകരെ കടത്തിവിടില്ലെന്ന് ജില്ലാ കളക്ടർ വി വിഗ്നേശ്വരി അറിയിച്ചു. വന്യമൃഗങ്ങളുടെ സഞ്ചാരപാതയിൽ രാത്രി യാത്ര ഒരുകാരണവശാലും അനുവദിക്കാൻ കഴിയില്ല. തീർത്ഥാടകർ പുല്ലുമേട്ടിൽ മകരവിളക്ക് ദർശിച്ച ശേഷം തിരികെ സത്രത്തിലേക്ക് മടങ്ങണം. അടുത്തദിവസം രാവിലെ മാത്രമേ സന്നിധാനത്തേക്ക് യാത്ര അനുവദിക്കാനാകൂ. ശബരിമലയിൽ നിന്ന് പുല്ലുമേട്ടിലേക്ക് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 വരെ യാത്ര ചെയ്യാം. മകരജ്യോതി കണ്ടശേഷം സന്നിധാനത്തേക്ക് പോകാൻ ശ്രമിക്കുന്നവരെ തടയാൻ പോലീസും വനംവകുപ്പും പ്രത്യേക തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. സുരക്ഷയെ മുൻനിർത്തിയാണ് കരുതൽ നടപടിയെന്നും എല്ലാ തീർത്ഥാടകരും സഹകരിക്കണമെന്നും കളക്ടർ അഭ്യർത്ഥിച്ചു.

## യുഡിഎഫിന്റെ മലയോര സമര പ്രചരണയാത്ര ജനു 27 മുതൽ :എംഎം ഹസൻ

വനം നിയമഭേദഗതി ബിൽ പിൻവലിക്കുക, വന്യമൃഗങ്ങളുടെ അക്രമത്തിൽ നിന്ന് മലയോര കർഷകരേയും ജനങ്ങളേയും രക്ഷിക്കുക, കാർഷിക മേഖലയിലെ തകർച്ചക്ക് പരിഹാരമുണ്ടാക്കുക, ബഫർ സോൺ വിഷയത്തിൽ കേന്ദ്രസർക്കാർ ഇടപെടുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കെതിരെ പ്രതിപക്ഷനേതാവ് വി.ഡി.സതീശൻ നയിക്കുന്ന മലയോര സമര പ്രചരണയാത്ര നടത്തുവാൻ യു.ഡി.എഫ് തീരുമാനിച്ചു.

ജനുവരി 27 മുതൽ ഫെബ്രുവരി 5 വരെയുള്ള മലയോര സമരപ്രചാരണ യാത്രയിൽ പത്തൊൻപത് സ്ഥലങ്ങളിൽ വമ്പിച്ച കർഷക സമ്മേളനങ്ങൾ സംഘടിപ്പിക്കുമെന്ന് യുഡിഎഫ് കൺവീനർ എംഎം ഹസൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

യു.ഡി.എഫിന്റെ പ്രമുഖ നേതാക്കളായ കെ.സുധാകരൻ എം.പി, പി.കെ.കുഞ്ഞാലികുട്ടി, പി.ജെ.ജോസഫ്, രമേശ് ചെന്നിത്തല.

എം.എം.ഹസ്സൻ, സി.പി.ജോൺ, ഷിബു ബേബി ജോൺ, അനൂപ് ജേക്കബ്, ജി. ദേവരാജൻ, മാണി സി കാപ്പൻ, അഡ്വ.രാജൻ ബാബു, രാജേന്ദ്രൻ വെള്ളപ്പാലത്ത് തുടങ്ങിയവർ യാത്രയിൽ പങ്കെടുക്കും.

ജനുവരി 27 ന് കണ്ണൂരിലെ ഇരിക്കൂർ മണ്ഡലത്തിലെ ഉളിക്കലിൽ/പയ്യാവൂരിൽ നിന്ന് ആരംഭിച്ച് ഫെബ്രുവരി 5 ന് തിരുവനന്തപുരത്ത്

പാറശ്ശാല മണ്ഡലത്തിലെ അമ്പൂരിയിലാണ് യാത്ര സമാപിക്കുന്നത്.

വനംനിയമ ഭേദഗതി മൂലം മുപ്പതു ലക്ഷത്തോളം കർഷകർ വനത്തിനുള്ളിൽ അടിയന്തരാവസ്ഥ പോലെയാണ് ജീവിക്കുന്നതെന്ന് ഹസൻ ചൂണ്ടിക്കാട്ടി. വന്യജീവികളുടെ ശല്യം കാരണം ജനജീവിതം ദുസഹമായി. അക്രമകാരികളായ വന്യജീവികളെ വെടിവച്ചു കൊല്ലാമെന്ന് മാധവ് ഗാഡ്ഗിൽ ശിപാർശ ചെയ്തിട്ടും സംസ്ഥാന സർക്കാരിന് അനക്കമില്ല. വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്കു നല്കുന്ന നഷ്ടപരിഹാരം തീരെ അപര്യാപ്തമാണ്. ഇക്കോ സെൻസിറ്റീവ് സോണിലെ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ടുള്ള നടപടികളും ഉണ്ടാകുന്നില്ല. മലയോര സമര പ്രചാരണ യാത്രയിൽ ഈ വിഷയങ്ങളും ഉയർത്തുമെന്ന് ഹസൻ അറിയിച്ചു.

യാത്രയുടെ വിശദാംശങ്ങൾ ചുവടെ

27.01.2025

രാവിലെ 9 ഉളിക്കൽ (ഇരിക്കൂർ), രാവിലെ 11 -ആറളം, വൈകുന്നേരം 3 -കൊട്ടിയൂർ

28.01.2025

രാവിലെ10- മാനന്തവാടി, വൈകുന്നേരം 3 -മേപ്പാടി, വൈകുന്നേരം 5 - കോടഞ്ചേരി

30.01.2025

രാവിലെ 10- നിലമ്പൂർ, ഉച്ചയ്ക്ക് 2-കരുവാരക്കുണ്ട്, വൈകുന്നേരം 5 - മണ്ണാർക്കാട്

31.01.2025

രാവിലെ 10 ആതിരപ്പള്ളി, വൈകുന്നരം 4 -കോതമംഗലം

01.02.2025

രാവിലെ 10 അടിമാലി, ഉച്ചയ്ക്ക് 2-ചെറുതോണി, വൈകുന്നേരം 5- കുമിളി

04.02.2025

രാവിലെ 10 മുണ്ടക്കയം, വൈകുന്നേരം 3-ചിറ്റാർ, വൈകുന്നേരം 5 -പിറവന്തൂർ-അലിമുക്ക്(പത്തനാപുരം)

05.02.2025

രാവിലെ 10 പാലോട്, വൈകുന്നേരം 4 -അമ്പൂരി

## കമ്മിഷൻ റിപ്പോർട്ട് തേടി

പത്തനംതിട്ട പ്രക്കാനം സ്വദേശിനിയായ ദളിത് പെൺകുട്ടിയെ അറുപതോളംപേർ പീഡിപ്പിച്ചെന്ന മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് ഒരാഴ്ചക്കുള്ളിൽ ലഭ്യമാക്കാൻ പത്തനംതിട്ട ജില്ലാ പോലീസ് മേധാവിക്ക് സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ കമ്മിഷൻ നിർദേശം നൽകി.



ഉന്നതവിദ്യാഭ്യാസത്തിന്റെ അന്താരാഷ്ട്ര ഹബ്ബ് ആകുന്ന കേരളം

SHAPING KERALA'S FUTURE

Inauguration @ 10.30 am 14th Jan 2025

TOWARDS A NEW EPISTEME – INTERNATIONAL CONCLAVE ON NEXT-GEN HIGHER EDUCATION

International Conclave on Next-Gen Higher Education

14 - 15 Jan 2025

വേദി : കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി

ഉദ്ഘാടനം: ശ്രീ. പിണറായി വിജയൻ, ബഹു. മുഖ്യമന്ത്രി

അധ്യക്ഷ: ഡോ. ആർ ബിന്ദു, ബഹു. ഉന്നതവിദ്യാഭ്യാസം, സാമൂഹ്യനീതി വകുപ്പ് മന്ത്രി

സാന്നിദ്ധ്യം: ശ്രീ. കെ. എൻ. ബാലഗോപാൽ, ബഹു. ധനകാര്യവകുപ്പ് മന്ത്രി; ശ്രീ. പി. രാജീവ്, ബഹു. നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി

മുഖ്യപ്രഭാഷണം: പ്രൊഫ. ഫിലിപ്പ് ജി അൽബാഷ് (ബോസ്റ്റൺ കോളേജ്, യുഎസ്എ)

Inspiring Keynote Address | Interactive Panel Discussions | Case study Presentations | Networking Opportunities

• പ്രൊഫ. ഡോൺ പാസി (ലാൻകാസ്റ്റർ സർവ്വകലാശാല) • സ്റ്റീഫൻ വിൻസെന്റ്-ലാൻക്രിൻ (ഒഇസിഡി പാരീസ്) • ഡോ. നീന ആർനോൾഡ് (ഗ്ലോബൽ ലീഡ് ടേർഷ്യറി എജുക്കേഷൻ, വേൾഡ് ബാങ്ക്) • ഡോ. ശ്രീറാം രാമകൃഷ്ണ (നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സിംഗപ്പൂർ) • ഡോ. സാബു പദ്മദാസ് (സൗത്താംപ്ടൺ സർവ്വകലാശാല) • ഡോ. സക്കറിയ മാത്യു (മിഷിഗൺ സർവ്വകലാശാല) • ഡോ. മഹ്മൂദ് കൂരിയ (എഡിൻബറ യൂണിവേഴ്സിറ്റി) • പ്രൊഫ. മോഹൻ ബി മേനോൻ (വവസാൻ ഓപ്പൺ യൂണിവേഴ്സിറ്റി, മലേഷ്യ) തുടങ്ങിയ വിദ്യാഭ്യാസ വിചക്ഷണർ, അധ്യാപകർ, വിദ്യാർത്ഥികൾ, ഗവേഷകർ, വ്യവസായ പ്രതിനിധികൾ, അന്താരാഷ്ട്ര പ്രതിനിധികൾ പങ്കെടുക്കും.

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ്

കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ